# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 17-04-2010 മുതൽ 23-04-2010 വരെ)

## 9065 ലിറ്റർ സ്പിരിറ്റ് പോലീസ് പിടിച്ചെടുത്തു

22-4-2010 തീയതി രാത്രി 9.15 മണിയോടുകൂടി ബൈപ്പാസ് ഭാഗത്ത് ഹൈവേ പോലീസ് പട്രോൾ ഡ്യൂട്ടി നോക്കിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ ഉരുളക്കിഴങ്ങ് കയറ്റിവന്ന തമിഴ്നാട് രജിസ്ട്രേഷനിലുള്ള ലോറിയെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ 35 ലിറ്റർവീതം കൊള്ളുന്ന 259 കന്നാസുകളിലായി 9065 ലിറ്റർ സ്പിരിറ്റ് ഒളിപ്പിച്ചുവച്ചനിലയിൽ പോലീസ് കണ്ടെടുത്തു. ലോറിഡ്രൈവർ പ്രഭു, തമിഴ്നാട് സ്വദേശി രമേശ് എന്നിവരെ അറസ്റ്റുചെയ്തു.

(Cr. 245/10, ALPY, Mararikkulam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Shri. Tomy Sebastian SI, ARPCs 5817, 5832, DVR PC 5557 (Kilo 32 Highway Police)

## വൻ സ്ഫോടകശേഖരം പിടിച്ചെടുത്തു

21-4-2010 തീയതി മഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ വിവിധ സ്ഥലങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ നഗരത്തിലെ വളം വില്പനശാലയിലും ഗോഡൗണിലും മറ്റുമായി അനധികൃതമായി സൂക്ഷിച്ചിരുന്ന ഉഗ്ര സ്ഫോടകശേഷിയുള്ള 2925 കിലോ അമോണിയം നൈട്രേറ്റ്, 195 ഡിറ്റനേറ്റർ, മൂന്നുകെട്ട് സേഫ്റ്റി ഫ്യൂസ് വയർ എന്നിവ കണ്ടെടുത്തു. ഇതുമായി ബന്ധപ്പെട്ട് അബ്ദു റഹ്മാൻ, മുനീർ, അലി എന്നിവരെ  അറസ്റ്റുചെയ്തു.

(Cr. 328/10, MPM, Manjeri PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Babu K. Thomas CI. Sri. Baburajan SI, HC 3233, PCs 3280, 3538, WPC 3933

## 10 കിലോ കഞ്ചാവ് പിടിച്ചെടുത്തു

കൽപകഞ്ചേരി പോലീസിനുലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ റെയ്ഡിൽ വൈലത്തൂർ, കുറ്റിപ്പാല എന്നീ സ്ഥലങ്ങളിൽനിന്നും പത്തു കിലോ കഞ്ചാവ് പോലീസ് പിടിച്ചെടുത്തു. ഇതുമായി ബന്ധപ്പെട്ട അബ്ദുൾലത്തീഫ്, ഷെരീഫ് എന്നിവരെ കസ്റ്റഡിയിലെടുത്തു.

(Cr. 178/10, MPM, Kalpakanchery PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. K. M. Sulaiman CI, Shri. K. Premjith SI

## 665 ലിറ്റർ സ്പിരിറ്റ് പോലീസ് പിടിച്ചെടുത്തു

പറവൂർ പോലീസിനുലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 21-4-2010 തീയതി വൈകിട്ട് 5.30 മണിയോടുകൂടി മഞ്ഞാലി ഭാഗത്ത് സംശയാസ്പദമായ രീതിയിൽ പാർക്ക് ചെയ്തിരുന്ന Tempo വാനിൽനിന്നും കന്നാസുകളിൽ ഒളിപ്പിച്ചുവച്ചിരുന്ന 665 ലിറ്റർ സ്പിരിറ്റ് പോലീസ് കണ്ടെടുത്തു.

(Cr. 696/10, EKM RL, Paravoor  PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Sreekumar Nair SI, Sri. K. K. Jose Gr. ASI, GHC 7230, PC 8414

## സ്റ്റേഷനു നേർക്ക് ബോംബേറ്; മൂന്നുപേർ പിടിയിൽ

15-4-2010 തീയതി രാത്രി 11.20 മണിയോടുകൂടി ചോമ്പാല പോലീസ് സ്റ്റേഷനു നേർക്ക് ബോംബെറിഞ്ഞതിനുശേഷം കടന്നുകളഞ്ഞ മൂന്നുപേരായ ഷാനിൽ, പ്രബീഷ്, സജീഷ് എന്നിവരെ പോലീസിന്റെ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽനിന്നും 19-4-2010 തീയതി പിടികൂടി

(Cr. 210/10,KKD RL, Vatakara PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. P. Vahid DySP, Sri. J.E. Jayan SI, Sri. Sudhakaran ASI

## വൻ ചീട്ടുകളിസംഘം അറസ്റ്റിൽ

ഫറൂഖ് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ദീപാ ലോഡ്ജിലെ റൂം നമ്പർ 103-ൽ വൻ തുകവച്ച് ചീട്ടുകളിക്കുന്നതായി 20-4-2010 തീയതി പോലീസിനുലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് നടത്തിയ റെയ്ഡിൽ ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന 20 പേരെ അറസ്റ്റുചെയ്യുകയും അവരുടെ പക്കൽനിന്നും 1,69,450/- രൂപ പിടിച്ചെടുക്കുകയും ചെയ്തു.

(Cr. 258/10,KKDC,Faroke PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ : Sri. Kunhimoinkutty SI, Sri. Rajagopalan Gr. SI, PCs 8790, 7151, 7421, 8525